...IED
03/06/2020



29/01/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ AP No. 2645(1)/2019 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.20345/*എസ്.ഐ.സി–ജി 4/2019*)**

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

**ശ്രീമതി വിജയലക്ഷ്മി വി.ആർ,**
**സൗഭാഗ്യ, കമുകിൻകോട്,**
**കൊടങ്ങാവിള പി.ഒ,**
**തിരുവനന്തപുരം–695123** } **അപ്പീൽ ഹർജിക്കാരി**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
   അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സെക്ഷൻ,
   അതിയന്നൂർ ഗ്രാമ പഞ്ചായത്ത്, കമുകിൻകോട്,
   കൊടങ്ങാവിള പി.ഒ, തിരുവനന്തപുരം.

2. **അപ്പീൽ അധികാരി & അസി.എക്സി.എഞ്ചിനീയർ,**
   എൽ.എസ്.ജി.ഡി സബ് ഡിവിഷൻ,
   അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ആറാലുംമൂട് പി ഒ.,
   തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24/08/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/09/2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15/10/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/10/2019, 13/11/2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11/12/2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 11/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് തീയതിയും സ്ഥലവും | 28/01/2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം : അപ്പീൽ ഹർജിക്കാരി<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി(പഞ്ചായത്ത് സെക്രട്ടറി, AE,LSGD) |

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി.വിജയലക്ഷ്മി വി.ആർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമായിരുന്നില്ല എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിനെ തുടർന്ന് അപ്പീൽ അധികാരി നടത്തിയ ഹിയറിംഗിൽ SPIO ഹാജരായില്ല എന്നും അപ്പീൽ പരാതി കേൾക്കാൻ അപ്പീൽ അധികാരി തയ്യാറായില്ല എന്നും ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ബോധപൂർവ്വവും മനപൂർവ്വവും നിരസിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്.

i) അതിയന്നൂർ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം SPIO –ആയ ശ്രീമതി.ആശാറാണി.എ.എസ് ഫയൽ നമ്പർ.13440/എസ്.ഐ.സി.ജി1/2017 പ്രകാരമുള്ള ഹർജി നമ്പർ സി.പി.1068(3)/2017/എസ്.ഐ.സി ഫയലിൽ 11/07/2018 തീയതി സംസ്ഥാന വിവരാവകാശ കമ്മീഷണർക്ക് സമർപ്പിച്ച രേഖകളിൽ സജീവ് കുമാർ റ്റി.ജെ വഴി സംബന്ധിച്ച് സമർപ്പിച്ചു എന്നു പറഞ്ഞ 14/06/2011, 26/08/2013, 30/08/2013, 07/09/2015, 08/12/2016, 21/07/2017, 24/03/2017, 01/07/2017, 22/12/2018, 23/03/2018, 24/03/2018 എന്നീ തീയതികളിലെ വിവരാവകാശ അപേക്ഷയുടെ പകർപ്പും അതിന് നൽകിയ മറുപടിയുടെ പകർപ്പും നൽകണമെന്നും

ii) ശ്രീ.സജീവ് കുമാർ റ്റി.ജെ അതിയന്നൂർ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം SPIO മുമ്പാകെ 19/09/2017-ന് സമർപ്പിച്ച

RIGHT TO INFORMATION

അപേക്ഷയുടെ പകർപ്പും അപേക്ഷകൾക്ക് നൽകിയ മറുപടിയുടെ പകർപ്പും നൽകണമെന്നും

iii) 19/09/2017-ന് അതിയന്നൂർ ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം SPIO -യ്ക്ക് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേലുള്ള അപ്പീൽ അപേക്ഷയിൽ 11/07/2018 തീയതി സംബന്ധിച്ച സംസ്ഥാന വിവരാവകാശ കമ്മീഷൻ ആസ്ഥാനത്ത് നടത്തിയ ഹിയറിംഗിൽ പങ്കെടുത്ത എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറും SPIO-യും ആയ ഉദ്യോഗസ്ഥയുടെ പേരും പി.എഫ് നമ്പറും മേൽവിലാസവും നൽകണമെന്നും മറ്റുമായി 6 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാളുടെ അപേക്ഷയിലെ 1,3,6 എന്നീ ഇനങ്ങൾ സംബന്ധിച്ച നൽകിയ മറുപടി തൃപ്തികരമല്ലെന്നും ആയത് സംബന്ധിച്ച് വ്യക്തത വരുത്തിയുള്ള മറുപടി നൽകണമെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 3-ാം ഇനത്തിൽ ആവശ്യപ്പെട്ട എഞ്ചിനീയറുടെ പി.എഫ് നമ്പർ വെളിപ്പെടുത്തേണ്ട പൊതുതാല്പര്യം ഇല്ലാത്തതിനാൽ ആയത് വിവരാവകാശ നിയമപ്രകാരം സാധിക്കുകയില്ല എന്നും കൂടാതെ മേൽപ്പടി ഉദ്യോഗസ്ഥ ഒരു സ്ത്രീ ആയതിനാൽ അത്തരം വിവരം ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്താവിച്ചത്, കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ള വിവരം ടിയാൾക്ക് നൽകിയിട്ടുണ്ടെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി

നൽകിയ മറുപടി നിയമാനുസൃതമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരിയുടെ പ്രധാന ആക്ഷേപം ടിയാളുടെ അപേക്ഷയിലെ 3–ാം ഇനത്തിൽ ആവശ്യപ്പെട്ട അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പി.എഫ്.നമ്പറും സ്ഥിര മേൽവിലാസവും നൽകിയില്ല എന്നതാണെന്നു കാണുന്നു. മേൽപ്പടി വിവരങ്ങൾ വ്യക്തിപരമാകയാലും ആയതിന്റെ വെളിപ്പെടുത്തൽ സാധൂകരിക്കുന്ന കൂടുതലായ എന്തെങ്കിലും പൊതുതാല്പര്യം ഹർജിക്കാരി ടിയാളുടെ അപേക്ഷയിൽ ചൂണ്ടിക്കാട്ടാത്തതിനാലും മേൽപ്പടി മറുപടിയിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല. അപ്രകാരം തന്നെ ശ്രീ.സജീവ് കുമാർ റ്റി.ജെ നിരന്തരമായി മേൽപ്പടി പഞ്ചായത്തിൽ വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചുകൊണ്ടിരിക്കുന്നതായും ആയത് എന്തെങ്കിലും വിവരം തേടണമെന്നതിന് ഉപരി മേൽപ്പടി ഓഫീസിന്റെ പ്രവർത്തനങ്ങളിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്ന ഉദ്ദേശ്യത്തിലാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗം ആണെന്ന കാര്യത്തിൽ സംശയമില്ല. അത്തരം ദുരുപയോഗം അംഗീകരിച്ച് നൽകാൻ നിർവ്വാഹമില്ലാത്തതുമാണ്. ആയതിനാൽ ഹർജിക്കാരി പരാമർശിത വിഷയത്തിൽ വീണ്ടും അപേക്ഷകൾ നൽകുകയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ വന്ന് നേരിൽ പരിശോധിച്ച് സ്വയം ബോധ്യപ്പെടണമെന്ന് ടിയാളെ അറിയിക്കാവുന്നതാണ്.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 29–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**കമ്മീഷൻ സെക്രട്ടറി**

bm